## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

11-02-2020 - ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2063

### ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ആധുനികവത്കരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.ജെ.മാക്സി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിനെ ആധുനികവത്കരിക്കുന്നതിനും ജീവനക്കാരുടെ സേവന രീതിയുടെ കാതലായ മാറ്റത്തെ സംബന്ധിച്ചും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ വകുപ്പ് മേധാവിയുടെ അഭിപ്രായം തേടിയിരിക്കുകയാണ്. ആയത് ലഭ്യമായിട്ടില്ല. |
| സി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിലെ ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ (എഫ്.ഡി.സി.പി.ഒ) എന്നതിനു പകരം ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ എന്നാക്കി മാറ്റി നൽകണമെന്ന് പ്രസ്തുത വകുപ്പ് സർക്കാരിന് നൽകിയ ശിപാർശ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | സി) ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തിക ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തിക ഫയർ & റെസ്ക്യൂ ഓഫീസർ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ എന്നാക്കി മാറ്റുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പ്രവൃത്തിപഠന റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടില്ല. എന്നാൽ വകുപ്പ് മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും പ്രസ്തുത ശിപാർശ നിരസിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ